ഫയൽ നമ്പർ:IVO5/LSGD/KNR/71-2023

കണ്ണൂർ
തീയ്യതി 20/04/2024

പ്രേഷകൻ,

ഇന്റേണൽ വിജിലൻസ് ഓഫീസർ 5,
തദ്ദേശ സ്വയംഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്,

ബൈജു ഫ്രാൻസിസ്,
പട്ടുപറമ്പിൽ,അടക്കാത്തോട് പി.ഒ,
കേളകം,കണ്ണൂർ.

സർ,

വിഷയം:-താങ്കൾ സ്ഥിരം അദാലത്ത് ഉപസമിതിയില് സമർപ്പിച്ച പരാതി-
സംബന്ധിച്ച്.

അയ്യംകുന്ന് ഗ്രാമ പഞ്ചായത്തിൽ സർവ്വേ നമ്പര് 439/11ൽ പ്പെട്ട0.0374 H സ്ഥലത്ത് ശ്രീ.ജിജി ജോസഫ് എന്നവർ ബൈജു ഫ്രാൻസിസ് പാട്ടുപറമ്പില് എന്നവരുടെ പ്ലോട്ട് അതിർത്തിയിൽനിർമ്മിച്ച റസിഡൻഷ്യല് കെട്ടിടത്തിന് പാർശ്വഭിത്തി നിർമ്മിക്കാതെ കെട്ടിട നമ്പർ നല്കി എന്നതാണ് പരാതി. നിലവിൽ റസിഡൻഷ്യല് കെട്ടിടത്തിന്റെ കെട്ടിടത്തിന് പടിഞ്ഞാറ് വടക്ക് വശത്ത് ഉദ്ദേശം 2 മീറ്റര് ഉയരമുള്ളമൺതിട്ടയുണ്ട്.ആയത് സുരക്ഷ മുൻകരുതലിന്റെ ഭാഗമായി പാർശ്വഭിത്തി നിർമിക്കുന്നതിന് പ്ലാനിൽകാണിച്ചിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടം ക്രമവൽക്കരിക്കാവുന്നതാണെന്ന് ബൈജു ഫ്രാൻസിസ് എന്നവരുടെ പരാതിക്ക്A3 - 268/2022 തീയ്യതി 18/11/2022 പ്രകാരം അയ്യംകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

സ്ഥിരം അദാലത്ത് ഉപസമിതി അംഗങ്ങൾ അയ്യംകുന്ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ,ഓവർസിയര് എന്നിവർ സ്ഥല പരിശോധന നടത്തി. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019ന്റെ ചട്ടം 10ൽ പരാമർശിക്കുന്ന നിർമാണവുമായി ബന്ധപ്പെട്ട് പരിസരവാസികൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങള് വിലയിരുത്തി നഷ്ടപരിഹാരം സംരക്ഷണത്തിനുള്ള മാർഗ്ഗ നിര്ദ്ദേശങ്ങൾ എന്നിവ ശുപാർശ ചെയ്യുന്നതിനായി അതാത് ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറി കൺവീനറും പ്രസ്തുത ഗ്രാമ പഞ്ചായത്തിലെ അധികാര പരിധി കയ്യാളുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയറിംഗ് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയര് തസ്ഥികയില് കുറയാത്ത റാങ്കിലുള്ള ഒര് ഉദോഗസ്ഥനും സ്ട്രച്ചറൽ എഞ്ചിനീയറിംഗ്, ജിയോ ടെക്നിക്കല് എഞ്ചിനീയറിംഗ് വിഷയങ്ങളില് സർക്കാര് നിർദ്ദേശിക്കുന്ന വിദഗ്ദരും അംഗങ്ങളായും ഒര് ടെക്നിക്കല് എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുവാന് KPBR 2019 ചട്ടം 10(12)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം സ.ഉ.(കൈ)നം101/2021 ത സ്വ ഭ വ,തീയ്യതി.03/06/2021 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകളില് ടെക്നിക്കല് എക്സ്പേർട്ട് കമ്മിറ്റികളെ സ.ഉ.(കൈ)നം101/2021 രൂപീകരിക്കുകയുണ്ടായി. (സ.ഉ.(കൈ)നം101/2021 ത സ്വ ഭ വ,തീയ്യതി.03/06/2021) കമ്മിറ്റിയുടെ തീരുമാന പ്രകാരം ടി പരാതിയില് തുടര് നടപടി സ്വീകരിക്കുന്നതാണ്.

പകർപ്പ്:-സെക്രട്ടറി, അയ്യംകുന്ന് ഗ്രാമ പഞ്ചായത്ത്

വിശ്വസ്തതയോടെ,

അനിൽകുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ 5,
തദ്ദേശ സ്വയംഭരണ വകുപ്പ്,
കണ്ണൂർ